കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

ആറാം സമ്മേളനം

2003 ജൂലായ് 2, ബുധൻ

വാല്യം 119] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 13

നിയമസഭ 2003 ജൂലായ് മാസം 2-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(1) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി.സ്പീക്കർ: ഓർഡർ, ഓർഡർ.....ചോദ്യം നമ്പർ 356

വനം ഭേദഗതി ഓർഡിനൻസിലൂടെ ഏറ്റെടുത്ത ഭൂമി

1 (*T356) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനഭൂമിയുമായി ബന്ധപ്പെട്ട കേസുകളിൽ സർക്കാർ തുടർച്ചയായി പരാജയപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വനം ഭേദഗതി ഓർഡിനൻസിലൂടെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എത്ര ഹെക്ടർ ഭൂമിയാണ് ഏറ്റെടുത്തത് ; ഇതിൽ എത്ര ഹെക്ടർ ഭൂമിയാണ് കോടതി വിധിയിലൂടെ വിട്ടുകൊടുക്കേണ്ടി വന്നത് ;

(സി) ഈ കേസുകൾ നടത്തുന്ന കാര്യത്തിൽ സർക്കാർ വക്കീലൻമാരും വൻകിട കയ്യേറ്റക്കാരും തമ്മിൽ ഒത്തുകളിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ, ആയത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ ?

* T മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വനവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ) : സർ,

(എ) ഇല്ല.

(ബി) പരിസ്ഥിതി (ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ഓർഡിനൻസുകൾ പ്രകാരം ആകെ 11037.037 ഹെക്ടർ സ്വകാര്യ വനഭൂമി ഏറ്റെടുത്തിട്ടുണ്ട്. ഇതിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 10554.700 ഹെക്ടറും ഇപ്പോഴത്തെ സർക്കാരിന്റെ കാലത്ത് 482.337 ഹെക്ടർ വനഭൂമിയുമാണ് ഏറ്റെടുത്തിട്ടുള്ളത്. ഇതിൽ 40 ഹെക്ടർ ഭൂമി വിട്ടുകൊടുക്കാൻ കോടതി നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശത്തിനെതിരെ റിവിഷൻ ഹർജി ഫയൽ ചെയ്യാൻ സർക്കാർ നടപടി കൈക്കൊണ്ടിട്ടുണ്ട്.

(സി) ഇല്ല. ഉദിക്കുന്നില്ല.

ശ്രീ. കെ. കെ. ജയചന്ദ്രൻ : സർ, 1971-ലെ കേരള പ്രൈവറ്റ് ഫോറസ്റ്റ് വെസ്റ്റിംഗ് ആന്റ് അസൈൻമെന്റ് ആക്ട് പ്രകാരം ഏറ്റെടുത്ത ഭൂമിയിൽ 688 കേസുകളിലായി 4,817 ഹെക്ടറും 1080 കേസുകളിലായി 5791 ഹെക്ടർ ഭൂമിയും ഇപ്പോൾ തിരിച്ചു കൊടുക്കണമെന്നാണ്. ആദ്യത്തേത് തിരിച്ചു കൊടുത്തു കഴിഞ്ഞു. ബാക്കി രണ്ടാമതുള്ളതും തിരിച്ചു കൊടുക്കേണ്ടതായിട്ട് കോടതി വിധി വന്നിരിക്കുകയാണ്. ആകെ 1768 കേസുകളാണ് ഗവൺമെന്റ് നടത്തിയതിൽ പരാജയപ്പെട്ടിരിക്കുന്നത്. ഇപ്പോൾ ആ അടിസ്ഥാനത്തിൽ യഥാർത്ഥത്തിൽ ഗവൺമെന്റ് കൈവശ ഭൂമി ഇല്ലാതെ വരുകയാണ്. ഇത് പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ?

ശ്രീ. കെ. സുധാകരൻ : സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച 1971-ലെ നിയമത്തോട് അനുബന്ധമായി നടന്ന കേസുകളിൽ അപേക്ഷകർക്ക് അനുകൂലമായി വന്നിരിക്കുന്ന ഭൂമിയാണ് പുതിയ ഓർഡിനൻസിന്റെ പരിധിക്കുള്ളിൽ കൊണ്ടു വന്നത്. അതുകൊണ്ടു തന്നെ പഴയ കേസുകളിലൂടെ സംസ്ഥാനത്തിന് നഷ്ടപ്പെട്ട ഭൂമി പുതിയ ഓർഡിനൻസിലൂടെ തിരിച്ചെടുക്കാൻ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്.

ശ്രീ. കെ. കെ. ജയചന്ദ്രൻ : സർ, പുതിയ കേസുകളിലൂടെ തിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട് എന്ന് അങ്ങ് ഇവിടെ പറയുകയുണ്ടായി. എന്നാൽ വനഭൂമി സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടുകൂടി സ്വകാര്യ വ്യക്തികളുടെ കൈകളിലേയ്ക്ക് പോയിക്കൊണ്ടിരിക്കുന്ന ഈ വനഭൂമി സംരക്ഷിക്കുന്നതിനു വേണ്ടി എൽ.ഡി.എഫ് ഗവൺമെന്റ് ഓർഡിനൻസ് പുറപ്പെടുവിക്കുകയുണ്ടായി. അതിന്റെയടിസ്ഥാനത്തിൽ 11,307.36 ഹെക്ടർ ഭൂമിയാണ് ഓർഡിനൻസിലൂടെ ഗവൺമെന്റ് ഏറ്റെടുത്തു കൊണ്ടു വന്നിരിക്കുന്നത്. എന്നാൽ അത് നിയമമായിട്ടില്ല. യു.ഡി. എഫ് ഗവൺമെന്റ് വന്നിട്ട് ഇപ്പോൾ രണ്ടു വർഷം പിന്നിടുകയാണ്. ഈ കാലതാമസം വരുന്നത് സ്വകാര്യ മുതലാളിമാരെ സഹായിക്കാൻ മാത്രമേ ഉതകുകയുള്ളൂ എന്ന ആക്ഷേപം ഉയർന്നു വന്നിട്ടുണ്ട്. അതനുസരിച്ച് എന്താണ് അങ്ങേക്ക് പറയാനുള്ളത് ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സുധാകരൻ : സർ, ഈ ഓർഡിനൻസ് ബിൽ ആക്കുന്ന കാര്യത്തിൽ ഗവൺമെന്റിന്റെ ആത്മാർത്ഥതയെ ബഹുമാനപ്പെട്ട അംഗം സംശയിക്കേണ്ടിവരില്ല എന്ന് വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. പ്രസ്തുത ബിൽ സെലക്ട് കമ്മിറ്റിയുടെ മാരത്തോൺ ചർച്ചയിലൂടെ നിയമസഭയിൽ കൊണ്ടുവരാനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. കഴിഞ്ഞ ഒരാഴ്ചക്കാലമായി സെലക്ട് കമ്മിറ്റി പ്രസ്തുത ബില്ലിനെക്കുറിച്ച് ചർച്ച ചെയ്യുകയാണ്. ഈ നിയമസഭയിൽത്തന്നെ ആ ബിൽ നിയമമാക്കാനുള്ള നടപടി കൈക്കൊള്ളുന്നതാണ്. അതുവഴി അങ്ങ് ആശങ്കപ്പെടുന്ന കാര്യത്തിന് തടയിടാൻ സർക്കാരിന് കഴിയും എന്നാണ് എന്റെ വിശ്വാസം.

ശ്രീ. രാജു എബ്രഹാം : സർ, 1760 കേസുകളിൽ ഗവൺമെന്റ് 20 വർഷക്കാലമായി പരാജയപ്പെടുകയുണ്ടായി എന്നാണ് രേഖകൾ പറയുന്നത്. പാലക്കാട് ബിയാട്രിസ് എസ്റ്റേറ്റ് ഹൈക്കോടതിയിൽ കേസ് നടത്തിയപ്പോൾ ഗവൺമെന്റിനുവേണ്ടി വാദിച്ച് നിരവധി വർഷങ്ങളായി ഹാജരായിക്കൊണ്ടിരുന്ന വക്കീലൻമാർ തന്നെയാണ് ഗവൺമെന്റിന്റെ പ്ലീഡർമാരായി ഇപ്പോൾ വന്നിരിക്കുന്നത്. അങ്ങ് രേഖാമൂലം നൽകിയിട്ടുള്ള മറുപടിയിൽ ഈ പ്ലീഡർമാർക്കെതിരെ നടപടികൾ സ്വീകരിക്കാൻ ആലോചിച്ചു വരുന്നു എന്ന് സൂചിപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ? ഈ കാര്യത്തിൽ പരിസ്ഥിതി പ്രാവീണ്യം നേടിയിട്ടുള്ള അഭിഭാഷകരെ ഉൾപ്പെടുത്തി പ്ലീഡർമാരുടെ പട്ടിക തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. സുധാകരൻ : സർ, ഇത്തരത്തിൽ വീഴ്ച വരുത്തിയ സർക്കാർ വക്കീലൻമാരുടെ പ്രവർത്തനത്തെ ഗവൺമെന്റ് വിശകലനം ചെയ്തു കൊണ്ടിരിക്കുന്നു, പഠിച്ചുകൊണ്ടിരിക്കുന്നു. കുറ്റക്കാർ ആരാണെന്ന് കണ്ടാൽ അത്തരം ആളുകൾക്കെതിരെ ഗവൺമെന്റ് നടപടി കൈക്കൊള്ളുന്നതാണ്.

Mr. Speaker : That is professional misconduct. Nobody can appear like that. His sannad can be cancelled.

ശ്രീ. രാജു എബ്രഹാം : സർ, ഒരു ഉദാഹരണം ചൂണ്ടിക്കാട്ടി എന്നേയുള്ളൂ. എന്റെ രണ്ടാമത്തെ ചോദ്യം, പാട്ടക്കാലാവധി കഴിഞ്ഞിട്ടുള്ള വനഭൂമി പാട്ടക്കുടിശ്ശിക പിഴ ഈടാക്കിക്കൊണ്ട് തിരിച്ചുപിടിക്കാനും പാട്ട കാലാവധി കഴിഞ്ഞിട്ടുള്ള ഭൂമികൾ ഏറ്റെടുക്കാനും നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. സുധാകരൻ : സർ, പാട്ടക്കാലാവധി കഴിഞ്ഞ ഭൂമി തിരിച്ചെടുക്കാനുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നും ആരംഭിച്ചിട്ടുണ്ട്. എന്നാൽ അതോടൊപ്പം പാട്ടഭൂമി തുടർന്നു നടത്താൻ താൽപ്പര്യമുള്ള ഉടമകൾക്ക് നിലവിലുള്ള ലീസ് റെന്റ് വർദ്ധിപ്പിച്ചുകൊണ്ട് സ്വകാര്യ വ്യക്തികളുടെ കൈകളിൽ നിലവിലുള്ള ഭൂമി തുടരാൻ അവുവദിക്കണമോ എന്ന കാര്യത്തെക്കുറിച്ച് ഗവൺമെന്റ് നയപരമായ തീരുമാനം കൈക്കൊള്ളാൻ ഇരിക്കുന്നതേയുള്ളൂ.

ശ്രീ. കെ. വി. കുഞ്ഞിരാമൻ : സർ, സംസ്ഥാനത്തെ ആയിരക്കണക്കിന് ഭൂമി ചോല വനങ്ങളും നിത്യഹരിതവനങ്ങളും ഉൾപ്പെടെ കൃഷി ഭൂമി ആണെന്ന പേരിൽ കൈവശം വച്ച് ദീർഘകാലമായി അനധികൃതമായി അനുഭവിച്ചു പോരുന്ന ആളുകൾ ഉണ്ട്. നിയമസഭാ എസ്റ്റിമേറ്റ്സ് കമ്മിറ്റി ഇത്തരം സ്ഥിതിഗതികളെക്കുറിച്ച് പഠിച്ചു, പരിശോധിച്ചു, എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ വിശദമായ റിപ്പോർട്ടിനകത്ത് ഈ കാര്യം വ്യക്തമായി ചൂണ്ടിക്കാണിക്കുകയുണ്ടായി. എസ്റ്റിമേറ്റ്സ് കമ്മിറ്റി തന്നെ വിമർശനങ്ങൾ ഉന്നയിക്കുകയും റവന്യൂ, വനം ഡിപ്പാർട്ടുമെന്റുകൾ ഒരു ജോയിന്റ് വെരിഫിക്കേഷനിലൂടെ ഈ കയ്യേറ്റക്കാരെ കണ്ടെത്തണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. എന്റെ ചോദ്യം, ഇതുമായി ബന്ധപ്പെട്ട് കഴിഞ്ഞ രണ്ടു കൊല്ലക്കാലത്തിനിടയിൽ റവന്യൂ, വനം വകുപ്പുകൾ യോജിച്ചുകൊണ്ട് നടത്തിയ ജോയിന്റ് വെരിഫിക്കേഷനിലൂടെ ഇത്തരം എത്ര കൈവശക്കാരെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്, എത്ര ഏക്കർ ഭൂമി സർക്കാരിലേയ്ക്ക് നിക്ഷിപ്തമാക്കാൻ കഴിഞ്ഞിട്ടുണ്ട് ?

ശ്രീ. കെ. സുധാകരൻ : സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് വളരെ ഗൗരവമുള്ള പ്രശ്നമാണ്. കഴിഞ്ഞ കുറേ വർഷക്കാലമായി കേരളത്തിൽ നടന്നു വരുന്ന ഒരു സ്വാഭാവിക പ്രക്രിയയെക്കുറിച്ചാണ് അങ്ങ് നിയമസഭയുടെ ശ്രദ്ധക്ഷണിച്ചിട്ടുള്ളത്. അത് വളരെയേറെ ഗൗരവമുള്ള പ്രശ്നമാണ്. റവന്യൂ ഡിപ്പാർട്ടുമെന്റും ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റും ജോയിന്റ് സർവ്വേ നടത്തി സ്ഥലങ്ങൾ കണ്ടെത്തിക്കൊണ്ടിരിക്കുന്നു. പക്ഷേ ഇറക്കാനുള്ള പ്രവർത്തനത്തിൽ വളരെയേറെ പുരോഗതി കൈക്കൊള്ളാൻ സാധിച്ചിട്ടില്ല. ഇറക്കാൻ ചെല്ലുന്നിടത്തെല്ലാം ഉണ്ടാകാവുന്ന സാമൂഹ്യ പ്രതികരണങ്ങൾ സർക്കാരിന് എതിരാണ്. ജനങ്ങൾ സംഘടിക്കുന്നു. കർഷകർ സംഘടിക്കുന്നു. പ്രശ്നങ്ങൾ ഉണ്ടാകുന്നു. അവിടെ നിയമലംഘനം നടക്കുന്നു. ഇത്തരം ഒരു സാഹചര്യത്തിൽ ഇറക്കുക എന്നുള്ളത് ഉള്ളുപ്പുമുള്ള കാര്യമായി സർക്കാർ കാണുന്നില്ല. എങ്കിലും പ്രഖ്യാപിച്ച നയം നടപ്പിലാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ജോയിന്റ് സർവ്വേ നടത്തി പരമാവധി ആളുകളെ ഒഴിപ്പിക്കാനുള്ള നടപടിയുമായി ഗവൺമെന്റ് മുന്നോട്ട് പോവുകയാണ്.

ശ്രീ. കെ. വി. കുഞ്ഞിരാമൻ : സർ, കോടതിയിൽ ബുദ്ധി ഉദിക്കാത്ത വക്കീലൻമാരെ അയച്ച് കേസുകൾ നിരന്തരമായി തോറ്റു കൊടുക്കുന്നത് റവന്യൂ, വനം ഡിപ്പാർട്ടുമെന്റിന്റെ ശീലമായിട്ടുണ്ട്. എന്റെ ചോദ്യം, മതികെട്ടാനിൽ ആയിരക്കണക്കിന് കൃഷി ഭൂമി സ്വന്തമാക്കിയ ആളുകൾക്ക് അനധികൃതമായി നൽകിയ പട്ടയം റദ്ദാക്കുന്നതിനുവേണ്ടി ഒരു ഗവൺമെന്റ് ഓർഡർ ഇറക്കുകയുണ്ടായി. ഈ ഓർഡർ നിയമത്തിന്റെ യാതൊരു പിൻബലവുമില്ലാതെ ഇറക്കിയ ഓർഡർ ആണ്. ആ ഓർഡർ നിലനിൽക്കേ ഈ കക്ഷികൾ കോടതിയിൽ പോയാൽ കേസിൽ അവർക്ക് അനുകൂലമായ വിധി സമ്പാദിക്കാൻ കഴിയും. എന്റെ ക്വസ്റ്റ്യൻ ഈ ഉത്തരവ് പിൻവലിക്കാമോ എന്നാണ്.

ശ്രീ. കെ. സുധാകരൻ : സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച വസ്തുത ഗവൺമെന്റ് വളരെ ഗൗരവമായി പഠിക്കുന്ന ഒരു വിഷയമാണ്. മതികെട്ടാൻമലയിൽ ഗവൺമെന്റ് ഏറ്റെടുത്ത് ഒഴിപ്പിച്ച ഭൂമി തിരികെ പോകാതിരിക്കാനുള്ള എല്ലാ നടപടികളും ഗവൺമെന്റ് കൈക്കൊള്ളുമെന്ന് നിയമസഭയ്ക്ക് ഉറപ്പു നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ : സർ, നെൽപ്പാടങ്ങൾ ഇല്ലാതാകുന്നതുപോലെ തന്നെ നമ്മുടെ വനഭൂമിയും നശിച്ചുകൊണ്ടിരിക്കുകയാണ്. വനം കയ്യേറ്റം, കാട്ടുതീ, കാലിമേച്ചിൽ, കഞ്ചാവുകൃഷി, വനവിഭവങ്ങളിലുള്ള അശാസ്ത്രീയമായ ചൂഷണം, ഖനനം, ഈ കാരണങ്ങളാൽ വന ഭൂമി നഷ്ടപ്പെടുന്നു. ഇതിൽ കഞ്ചാവു കൃഷി വളരെ പ്രധാനപ്പെട്ടതാണ്. ഭരണകക്ഷിയുടെ തന്നെ സഹായത്തോടുകൂടി കഞ്ചാവുകൃഷി ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. കഞ്ചാവ് കൃഷി ഈ രൂപത്തിൽ ഇല്ലാതാക്കുന്നതിന് ഒരു സമ്മറി ട്രയൽ നടത്തി ശിക്ഷിക്കേണ്ട ഒരു കേസാണ്. ആ രൂപത്തിലുള്ള സമഗ്രമായ ഒരു നിയമനിർമ്മാണത്തിന് ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ. കെ. സുധാകരൻ : സർ, നിലവിലുള്ള നിയമം ഫലപ്രദമായി ഉപയോഗിക്കാൻ സാധിക്കുമെങ്കിൽ കഞ്ചാവ് തടയാൻ പ്രയാസം ഇല്ല എന്നാണ് സർക്കാരിന്റെ കണക്കുകൂട്ടൽ. വാസ്തവത്തിൽ ഒരുപാട് ലൂപ്പ്ഹോളുകൾ ഉണ്ട്. അത് ഒരു യാഥാർത്ഥ്യമാണ്. അതിൽ അങ്ങ് ഭരണകക്ഷി പ്രതിപക്ഷം എന്ന വ്യത്യാസം സൂചിപ്പിച്ചത് ശരിയായില്ല. ഏത് ഗവൺമെന്റിന്റെ കാലത്തും കഞ്ചാവ് കൃഷി കേരളത്തിൽ നടന്നിട്ടുണ്ട് എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. ഭരണകക്ഷിയിൽപ്പെട്ടവരും പ്രതിപക്ഷത്തിൽപ്പെട്ടവരുമൊക്കെ ഈ കൃഷിയിൽ പങ്കാളിത്തം വഹിക്കാറുണ്ട്. അതിൽ കേസ് രജിസ്റ്റർ ചെയ്ത പ്രതികളെ നോക്കിയാൽ ഏത് രാഷ്ട്രീയക്കാർ ആണെന്ന് മനസ്സിലാക്കാൻ പ്രയാസപ്പെടേണ്ട കാര്യമില്ല. ഏതു പാർട്ടി അധികാരത്തിൽ വന്നാലും ഈ അനാശാസ്യമായ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. എല്ലാ രാഷ്ട്രീയ പാർട്ടിയുടെ പ്രതിനിധികളും പങ്കാളികളാണ് എന്നുള്ളത് യാഥാർത്ഥ്യമാണ്. ഏതായാലും അങ്ങ് സൂചിപ്പിച്ച കാര്യം ഗവൺമെന്റ് ശ്രദ്ധാപൂർവ്വം പരിഗണിക്കുന്നതാണ്.

ശ്രീ. എ. കെ. ബാലൻ : സർ, എന്റെ ചോദ്യം 1971-ൽ കേരള പ്രൈവറ്റ് ഫോറസ്റ്റ് വെസ്റ്റിംഗ് ആന്റ് അസൈൻമെന്റ് ആക്ടിനുശേഷം 27580 ഏക്കർ ഭൂമി ഈ ഭൂപ്രമാണിമാർക്ക് തന്നെ വിട്ടുകൊടുക്കാൻ നിർബന്ധിക്കപ്പെടുകയാണ് ചെയ്തിട്ടുള്ളത്. ഇക്കാര്യത്തിൽ കേസ് നടത്തുന്നതിൽ വന്നിട്ടുള്ള അപാകതയാണ് ഭൂരിപക്ഷം ഏക്കർ ഭൂമിയും നഷ്ടപ്പെടാൻ ഇടവന്നത്. അതിന്റെ ഭാഗമായി തന്നെ സമാനമായി കെട്ടിക്കിടക്കുന്ന നിരവധി കേസുകൾക്ക് കാലവിളംബം കൂടാതെ തീർപ്പുകൽപ്പിക്കുന്നതിന് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും പ്രത്യേക വനം വന്യജീവി സംരക്ഷണ കോടതികളോ ബഞ്ചുകളോ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ? എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ശുപാർശയാണിത്.

ശ്രീ. കെ. സുധാകരൻ : സർ, നല്ല നിർദ്ദേശമാണ്, അത് ഗവൺമെന്റ് മുൻകൈയെടുത്ത് നടപ്പിലാക്കാൻ സാധിക്കുമോ എന്നുള്ളത് പരിശോധിക്കുന്നതാണ്.

ശ്രീ. എ. പി. അനിൽകുമാർ : സർ, എന്റെ നിയോജകമണ്ഡലത്തിൽ കരുവാരക്കുണ്ട് പഞ്ചായത്തിൽപ്പെട്ട കണ്ണത്തുമലവാരം, അത് കാളിയാവൂർ റേഞ്ചിനു കീഴിലാണ് വരിക. കഴിഞ്ഞ മൂന്നു നാല് ദിവസങ്ങളിലായി

പത്രവാർത്തകൾ വന്നുകൊണ്ടിരിക്കുന്നു. കണ്ണത്തുമലവാരത്ത് ഏതാണ്ട് 400 ഏക്കർ ഭൂമി സ്വകാര്യ വ്യക്തികൾക്ക് പതിച്ചുനൽകിയതായ വാർത്ത ഒട്ടനവധി പത്രങ്ങളിൽ വന്നുകൊണ്ടിരിക്കുകയാണ്. ഇതിനെക്കുറിച്ച് ഗവൺമെന്റ് അന്വേഷിക്കുകയോ, എന്തെങ്കിലും നടപടി സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ? ഇല്ലെങ്കിൽ ഇക്കാര്യത്തിൽ അടിയന്തിരമായി ഇടപെട്ടുകൊണ്ട് നടപടികൾ സ്വീകരിക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. കെ. സുധാകരൻ : സർ, പ്രസ്തുത വാർത്ത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്, അതിനെത്തുടർന്ന് ഡി.എഫ്.ഒ.-യോട് ഇതനുസരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഡി.എഫ്.ഒ.-യുടെ റിപ്പോർട്ടിനുവേണ്ടി ഗവൺമെന്റ് കാത്തിരിക്കുകയാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, വനഭൂമി സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് ഇവിടെ സൂചിപ്പിച്ചതിൽ ആദിവാസികളുമായി ബന്ധപ്പെട്ടാണ് ഞാൻ ചോദിക്കുന്നത്. ആദിവാസികൾക്ക് പതിച്ചുകൊടുക്കുന്നതിനായി 25,000 ഏക്കർ ഭൂമി നൽകുന്നതിനായിട്ടുള്ള നടപടിക്രമങ്ങൾ ഏതാണ്ട് പൂർത്തിയായി. വരുന്നതായിട്ടും കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിച്ചതായിട്ടും മുഖ്യമന്ത്രി ഇവിടെ സഭയിൽ പ്രസ്താവിക്കുകയുണ്ടായി. അതേസമയത്ത് തന്നെയാണ് കേന്ദ്രത്തിന്റെ ഇതുമായി ബന്ധപ്പെട്ട് ഇവിടെ പരിശോധന നടത്തിപ്പോയ സംഘം ഡൽഹിയിൽ വച്ച് വനഭൂമി കൊടുക്കാൻ കഴിയില്ല എന്ന് പ്രസ്താവിച്ചത്. ഇതുസംബന്ധിച്ച് കേന്ദ്രസംഘത്തിൽനിന്നോ, ബന്ധപ്പെട്ട വകുപ്പിൽ നിന്നോ സംസ്ഥാന വനം വകുപ്പിന് എന്തെങ്കിലും റിപ്പോർട്ടുകൾ കിട്ടിയിട്ടുണ്ടോ, കേന്ദ്രത്തിന്റെ ഈ സംഘവുമായി പ്രത്യേകമായി ചർച്ച നടത്തിയിട്ടുണ്ടോ, അതൊന്ന് വിശദീകരിക്കാമോ ?

ശ്രീ. കെ. സുധാകരൻ : സർ, കേന്ദ്ര ഗവൺമെന്റിനോട് സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ടത് ആദിവാസികൾക്കു നൽകാനുള്ള 25000 ഹെക്ടർ ലാന്റ് അനുവദിക്കണമെന്നാണ്. പല തലങ്ങളിലും അതിനെക്കുറിച്ച് ചർച്ച നടന്നിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ പ്രധാനമന്ത്രിയെയും അതുപോലെ തന്നെ കേന്ദ്ര വനംവകുപ്പുമന്ത്രിയെയും നേരിട്ടുകണ്ട് സംസാരിക്കുകയും ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. അതിനുശേഷം ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റും ട്രൈബൽ വെൽഫെയർ ഡിപ്പാർട്ടുമെന്റും സംയുക്തമായി ഡൽഹിയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അതിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്താൻ ഒരു വിശദമായ പ്രസന്റേഷൻ നടത്തുകയുണ്ടായി. അതിൽ ഏതാണ്ട് കാര്യമുണ്ടെന്ന തോന്നലിന്റെ അടിസ്ഥാനത്തിലാണെന്നു തോന്നുന്നു കേന്ദ്ര വനം ഉപദേശക സമിതിയിലെ ബഹുമാനപ്പെട്ട രണ്ടംഗങ്ങൾ കേരളം സന്ദർശിക്കുകയും ഞങ്ങൾ ആവശ്യപ്പെട്ടതിന്റെ ന്യായാന്യായങ്ങൾ പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ വളരെ പോസിറ്റീവായിട്ടാണ് അവർ ഇവിടെനിന്ന് റിയാക്ട് ചെയ്തത്. ഡൽഹിയിൽ പോയപ്പോൾ പറഞ്ഞത് ഞങ്ങളാവശ്യപ്പെട്ട ലാന്റ് നൽകാൻ ഇത്തിരി പ്രയാസമുണ്ടെന്നാണ്. പകരം അദ്ദേഹത്തിന് നിർദ്ദേശങ്ങളുണ്ട്, ഏതായാലും ആദിവാസികളുടെ കാര്യത്തിൽ വളരെ പരിഗണനാർഹമായ സമീപനം കേന്ദ്രസർക്കാർ കാണിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : മെയിൻ ചോദ്യം വായിച്ചിട്ടുവേണം ഉപചോദ്യം ചോദിക്കാൻ, മെയിൻ ചോദ്യവുമായിട്ട് ബന്ധമില്ലാത്ത ചോദ്യമാണ് ശ്രീ. കെ. പി. രാജേന്ദ്രനെപ്പോലൊരു നേതാവ് ചോദിക്കുന്നത്. പുലബന്ധം പോലും ഇല്ലാത്തതാണ്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : സർ, ചോദിച്ച സ്ഥിതിക്ക് തെറ്റിദ്ധാരണ ഒഴിവാക്കേണ്ടത് ആവശ്യമാണ്. കേന്ദ്രസംഘം വന്നതുതന്നെ കേരളത്തിന്റെ ആവശ്യങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ്. അല്ലെങ്കിൽ കേന്ദ്രത്തിൽനിന്നും സംഘം വരേണ്ട കാര്യമില്ലായിരുന്നു. പ്രധാനമന്ത്രിയെ ഞാൻ കഴിഞ്ഞപ്രാവശ്യം ഡൽഹിയിൽ പോയി കണ്ട് സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രധാനമന്ത്രിതന്നെ കേരളത്തിന്റെ ആവശ്യങ്ങൾ ഒരു വൺ ടൈം എന്ന നിലയിൽ 25000 ഏക്കർ തരുന്ന കാര്യത്തിൽ പ്രിൻസിപ്പിൾ എന്നനിലയിൽ അംഗീകരിക്കാം, പക്ഷേ അതിന് ചില വ്യവസ്ഥകളുണ്ട് എന്നുപറഞ്ഞു, അത് പരിശോധിക്കാൻ വേണ്ടിയിട്ടാണ് കേന്ദ്രത്തിൽനിന്ന് ആളുകളെ അയയ്ക്കാമെന്നു പറഞ്ഞത്. അതിനുശേഷം എൺവയേൺമെന്റ് മിനിസ്റ്റർ കണ്ട് അതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം കേരളത്തിലേക്ക് ഒരു സംഘത്തെ അയച്ചു, ആ സംഘം 'ഇൻ പ്രിൻസിപ്പിൾ' കേരളത്തിന് ഭൂമി നൽകാൻ അനുകൂലമാണ്. വളരെ പോസിറ്റീവായിട്ടുള്ള നിലപാടാണ് അദ്ദേഹം എടുത്തത്. പക്ഷേ കേരളം ചൂണ്ടിക്കാണിച്ച ചില ഭൂമികൾ ഇപ്പോൾ വളരെ നിബിഡവനമായിട്ട് മാറിയിട്ടുണ്ട്. അതിനുപകരം മറ്റു ചില സ്ഥലങ്ങൾ അവർ ചൂണ്ടിക്കാണിക്കാമെന്ന് പറഞ്ഞിട്ടുമുണ്ട്. അവർ വയനാട് പോയി, അട്ടപ്പാടിയൽ പോയി, മലപ്പുറത്ത് പോയി മാത്രമല്ല, സി.കെ. ജാനു അടക്കമുള്ളവരുമായി സംസാരിച്ച് അവരോടും പറഞ്ഞു നിങ്ങൾ ഇനി മുത്തങ്ങായിലേക്ക് പോകരുത്, മുത്തങ്ങ തരാൻ പ്രയാസമാണ്, മറ്റുതരത്തിൽ നിങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കാമെന്ന് അവരോടും പറഞ്ഞു. വളരെ പോസിറ്റീവായിട്ടുള്ള ഒരു സ്റ്റാന്റാണ് അവർ എടുത്തിട്ടുള്ളത്. പുതിയ ഒരു സജഷൻ കൊടുക്കാൻ പറഞ്ഞിരിക്കുകയാണ്, ആ സജഷൻ ഗവൺമെന്റ് തയ്യാറാക്കി കൊണ്ടിരിക്കുകയാണ്. ഈ പ്രശ്നം പരിഹരിക്കാൻ ഗവൺമെന്റ് നടത്തുന്ന ശ്രമങ്ങൾ ഇപ്പോൾ വിജയത്തിലേക്ക് എത്തിക്കൊണ്ടിരിക്കുകയാണ്. അതിന് നിങ്ങളും കൂടി സഹകരിക്കണം. 5-ാം തീയതി കൂടുന്ന എം.പി. മാരുടെ മീറ്റിംഗിലും ഇത് ചർച്ചയ്ക്ക് വച്ചിട്ടുണ്ട്. കേരള എം.പി. മാരെയും ഇക്കാര്യം പരിഹരിക്കാനുള്ള ശ്രമത്തിൽ ഞങ്ങൾ പങ്കാളികളാക്കാൻ ശ്രമിക്കുകയാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, ഈ ചോദ്യം വനം ഭേദഗതി ഓർഡിനൻസിലൂടെ ഏറ്റെടുത്ത വനഭൂമി എന്നതു സംബന്ധിച്ചാണ്. ആ വനഭൂമിയിൽ ഒരു നല്ല ഭാഗം കയ്യേറ്റക്കാർ കൈവശപ്പെടുത്തി കൊണ്ടിരിക്കാൻ കാരണം ഈ ഓർഡിനൻസ് നിയമമാക്കുന്നതിൽ വന്ന കാലതാമസമല്ലേ ? ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ടുതന്നെ ഇപ്പോൾ രണ്ടുകൊല്ലമായല്ലോ, ഈ ഗവൺമെന്റാണെങ്കിൽ ഞൊടിയിടയിൽ ബിൽ പാസ്സാക്കുന്നവരാണല്ലോ, എന്നിട്ടും ഈ നിയമം ഇങ്ങനെ നീട്ടിക്കൊണ്ടു പോകാൻ ഇടവന്നത് എന്തുകൊണ്ടാണ് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സുധാകരൻ : സർ, ഈ കാലവിളംബത്തിന് ഈ ഗവൺമെന്റ് മാത്രമല്ല കാരണം, രണ്ടുവർഷമായി സെലക്ട് കമ്മിറ്റി കൂടുന്നു, സെലക്ട് കമ്മിറ്റി ചർച്ച നടത്തുന്നു, പക്ഷെ ഈ ഓർഡിനൻസ് പാസ്സാക്കിയ ഗവൺമെന്റും കാലവിളംബം വരുത്തി. നാലുതവണ ഓർഡിനൻസ് ലാപ്സാകുകയും, നാല് അസംബ്ലി സമ്മേളനം ചേരുകയും ചെയ്തു. എന്നിട്ടും അത് ബില്ലാക്കാൻ സാധിക്കാത്ത സാഹചര്യത്തിലാണ് ഇത് നമ്മുടെ കൈയിലേക്ക് വന്നത്. ഞങ്ങൾ ഇപ്പോൾ ബിൽ നിയമസഭയിൽ അവതരിപ്പിച്ചു, അത് സെലക്ട് കമ്മിറ്റിക്ക് കൊടുത്തു, സെലക്ട് കമ്മിറ്റി തുടർച്ചയായി സിറ്റിംഗ് നടത്തിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് കാലവിളംബം ഉണ്ടായി എന്നുപറയുന്നതിന്റെ ഉത്തരവാദിത്തം ഞങ്ങൾക്കുമാത്രമല്ല എന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെ ഓർമ്മിപ്പിക്കുന്നു. രണ്ടാമത് ആ കാലവിളംബം കൊണ്ട് സർക്കാർ ഏറ്റെടുത്ത ഒരു ഭൂമിയും തിരികെ പോയിട്ടില്ല എന്നുകൂടി ഞാൻ അറിയിക്കുന്നു,

ശ്രീ. സി. പി. മുഹമ്മദ് : സർ, വനം ഭേദഗതി ഓർഡിനൻസിലൂടെ പ്രത്യേകിച്ചും മലബാർ പ്രദേശത്ത് വഴിയാധാരമായ അനേകം കുടുംബങ്ങളുണ്ട്. കയ്യേറിയവർക്ക് പട്ടയം നൽകണമെന്ന് മുറവിളി കൂട്ടുന്ന ഇക്കാലത്ത് കൈവശ സർട്ടിഫിക്കറ്റോ അല്ലെങ്കിൽ ഒരു കൂര വച്ചുകെട്ടാൻ ഒരു പിടി മണ്ണുപോലുമില്ലാത്ത പാവപ്പെട്ടവരുടെ കാര്യത്തിൽ ഗവൺമെന്റ് അനുഭവപൂർവ്വം പരിഗണന നൽകുമോ?

ശ്രീ. കെ. സുധാകരൻ : സർ, ഈ നിയമം നടപ്പിലാകുമ്പോൾ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ അർഹതപ്പെട്ട പരിരക്ഷ ലഭ്യമാകേണ്ട വിഭാഗത്തിന് പരിരക്ഷ നൽകിക്കൊണ്ടായിരിക്കും ഈ ബിൽ നിയമസഭയിൽ അവതരിപ്പിക്കുക എന്ന് അറിയിക്കുന്നു.

ശ്രീ. എൻ.ഡി. അപ്പച്ചൻ : സർ, ഏറ്റെടുത്ത ഭൂമികളിൽ സാധാരണ പാവപ്പെട്ട കൃഷിക്കാരന്റെ 50 സെന്റ് ഭൂമിയും, ഒരേക്കർ വരെയുള്ള ഭൂമിയും പെട്ടുപോയിട്ടുണ്ട്. സെലക്ട് കമ്മിറ്റി കൂടിയിട്ടുള്ള പല ജില്ലകളിലും ആ സിറ്റിംഗിൽ പങ്കെടുക്കാൻ കഴിഞ്ഞിട്ടുള്ള ഒരു വ്യക്തി എന്ന നിലയ്ക്ക് അവിടത്തെ പാവപ്പെട്ട ജനങ്ങളുടെ വികാരവും അവരുടെ കണ്ണീരും കാണാനുള്ള കാഴ്ചയുണ്ടായി. അത്തരം ആളുകളെ ഈ ഭൂമിയുടെ പരിധിയിൽ ഉൾപ്പെടുത്താതെ അവരെ ഒഴിവാക്കി കൊടുക്കുന്നതിനു വേണ്ടി അവർക്ക് അവകാശം കൊടുക്കാൻ സാധിക്കുമോ ?

ശ്രീ. കെ. സുധാകരൻ : സർ, ഈ നിയമത്തിൽ അത്തരം അപാകതകൾ വന്നതുകൊണ്ടാണ് ഈ ബിൽ സമ്പുഷ്ടമായ ഒരു പഠനത്തിനുവേണ്ടി സെലക്ട് കമ്മിറ്റിക്ക് വിട്ടത്, സെലക്ട് കമ്മിറ്റി ഇത് പരിശോധിക്കുന്നു, അത്തരം കാര്യങ്ങളൊക്കെ കുറ്റമറ്റ രീതിയിൽ ഈ നിയമസഭയിൽ പാസ്സാക്കും.

ശ്രീ. മത്തായി ചാക്കോ: സർ, വനം ഭേദഗതി ബില്ലിന്റെ പരിധിയിൽ വരുന്ന പശ്ചിമഘട്ട വനപ്രദേശമായ കോഴിക്കോട് ജില്ലയിലെ ജീരകപ്പാറ വനഭൂമിയും, കക്കയം വനഭൂമിയും ഭൂപരിഷ്ക്കരണ ബിൽ വന്ന സന്ദർഭത്തിൽ അന്ന് കുടുംബങ്ങളായിരുന്ന പൊടുതനയിടം, അതുപോലെ ഒറ്റപ്പാലത്തെ തമ്പാന്മാർ, നിലമ്പൂർ കോവിലകം ഇങ്ങനെ രണ്ടുമൂന്ന് ജന്മി തറവാടുകളുടെ ഭാഗമായിരുന്ന ആയിരക്കണക്കിനേക്കർ ഭൂമി, പല വിധത്തിൽ കൈമാറിവന്ന ആ വനഭൂമി അതു

LIBRARY ARCHIVES Kerala Legislative Assembly

പോലെ കക്കയം വനഭൂമി KPCC President ശ്രീ. കെ. മുരളീധരന്റെ ഭാര്യാപിതാവിന്റെ പേരിലായിരുന്നു ഉണ്ടായിരുന്നത്.....

മി. സ്പീക്കർ : ചോദ്യവുമായിട്ട് ബന്ധമില്ലാത്ത ചോദ്യം അനുവദിക്കുന്നില്ല.

ശ്രീ. റ്റി. എൻ. പ്രതാപൻ : സർ, നമ്മുടെ വനനിയമം വളരെ പഴക്കമുള്ളതും കമ്പ് ഏച്ചുകെട്ടിയതുപോലെയുമാണ്. കാലോചിതമായ പരിഷ്ക്കാരങ്ങൾ വനനിയമത്തിൽ വരുത്തണം. അതിനെന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. കെ. സുധാകരൻ : സർ, കാലോചിതമായ മാറ്റങ്ങളൊക്കെ ഉൾക്കൊണ്ടുകൊണ്ടാണ് Conservation of Forests Act 1980 പാസ്സാക്കിയിട്ടുള്ളത്. ആത്യന്തികമായ നിയമമാണ്. മിക്കവാറും ഫോറസ്റ്റിന്റെ എല്ലാ കാര്യങ്ങളും ഫലപ്രദമായി കൈകാര്യം ചെയ്യാൻ പ്രസ്തുത നിയമം ഫലപ്രദമാണ്.

ശ്രീ. ബിനോയ് വിശ്വം : സർ, ഇവിടെ ഇന്ന് ബഹുമാനപ്പെട്ട മന്ത്രി ആദ്യമായി പറയുകയുണ്ടായി, മതികെട്ടാൻ വനഭൂമിയിലെ ഒരിഞ്ചുപോലും പോകാതിരിക്കാൻ ശ്രമം നടത്തുമെന്ന്. കഴിഞ്ഞ 2 ആഴ്ച മുമ്പ് ഇവിടെ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി പറഞ്ഞു, അതിന്റെ മൊത്തം അധികാരം വനം വകുപ്പിനാണെന്ന്. പക്ഷേ, അവിടെ ഇപ്പോൾ മരം വെട്ടി മുറിച്ച് അങ്ങോട്ടുള്ള പ്രവേശനം മുടക്കിക്കൊണ്ട് പഴയ കയ്യേറ്റക്കാർ വീണ്ടും പിടിമുറുക്കിയിരിക്കുകയാണ്. അങ്ങ് പറഞ്ഞ ഉത്തരം നല്ല ഉത്തരം തന്നെയാണ്. അതിന്റെ വെളിച്ചത്തിൽ ആ ഭൂമി സംരക്ഷിക്കാൻവേണ്ടി ഗവൺമെന്റ് കൈക്കൊണ്ട നടപടി വ്യക്തമാക്കുമോ ?

മി. സ്പീക്കർ : വനം ഓർഡിനൻസ് ഭേദഗതിയിലൂടെ ഏറ്റെടുത്ത വനം, അതിൽത്തന്നെ കേസുകൾ സംബന്ധിച്ച പരാജയം ഇതാണ് മെയിൻ ചോദ്യം. ആ ഭൂമിയിലെ കേസുകൾ നടത്തുന്ന വക്കീലൻമാർ പരാജയപ്പെട്ടതാണ് ചോദ്യം. ഇവിടെ വനത്തിൽ പിടിച്ച് എല്ലാ ചോദ്യവും ചോദിക്കുകയാണ്.

ശ്രീ. കെ. സുധാകരൻ : സർ, റവന്യൂ വകുപ്പ് വനംവകുപ്പിനെ ഏൽപ്പിച്ച ഭൂമി സംരക്ഷിക്കാൻ വനംവകുപ്പ് സത്വര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അവിടെ ചെക്ക് പോസ്റ്റുകൾ കെട്ടി ഗതാഗതം നിരോധിച്ചിട്ടുണ്ട്. കഴിഞ്ഞ കാലങ്ങളിൽ മതികെട്ടാൻമലയിൽ പോയതുപോലെ ഇന്ന് അവിടെ പോകാൻ സാദ്ധ്യമല്ല. മതികെട്ടാൻമലയിൽ വീണ്ടും കൈയ്യേറ്റം നടക്കുന്നു എന്ന വാർത്ത വന്നപ്പോൾ, Protection CCF-ന്റെ നേതൃത്വത്തിൽ ഒരു പ്രത്യേക സംഘം മതികെട്ടാൻമല സന്ദർശിക്കുകയും പരിശോധിക്കുകയും ചെയ്തത് 2 മാസം മുമ്പ് മാത്രമാണ്. പക്ഷേ, ഒരിഞ്ച് ഭൂമിയിലും കൈയ്യേറ്റം നടന്നിട്ടില്ല. അവിടെ മരംമുറിച്ച് ഗതാഗത തടസ്സം ഉണ്ടാക്കിയെന്ന് പത്രത്തിൽ വന്ന വാർത്ത വാസ്തവത്തിൽ കാറ്റുകൊണ്ട് പൊട്ടിവീണ മരത്തിന്റെ കമ്പാണ്. അത് മാത്രമല്ല, മതികെട്ടാൻമല സംരക്ഷിക്കാൻ തീരുമാനിച്ചാൽ അവിടെ ഗതാഗതത്തിന്റെ പ്രശ്നമില്ല. മുമ്പ് നടന്നുപോയിരുന്ന റോഡുകളൊക്കെ സ്വാഭാവിക സസ്യജാലങ്ങളാൽ

LIBRARY ARCHIVES Kerala Legislative Assembly

ആവൃതമായി കാടായി മാറിക്കൊണ്ടിരിക്കുകയാണ്. നടന്നുപോകാൻ സാധിക്കാത്ത പരുവത്തിൽ മതികെട്ടാൻമല മാറുകയാണ്. അവിടെ ചെക്ക് പോസ്റ്റുണ്ടാക്കിയിട്ടുണ്ട്. ദ്രുതകർമ്മ സേനയുടെ ഒരു വിഭാഗം അവിടെ പ്രവർത്തിക്കുന്നുണ്ട്. ഫോറസ്റ്റ് വകുപ്പിന്റെ സൂക്ഷ്മമായ നിരീക്ഷണത്തിലാണ് മതികെട്ടാൻമല. ഒരു കാരണവശാലും അതിൽനിന്നും ഒരിഞ്ചുഭൂമി പോലും പുറത്ത് പോയിട്ടില്ല എന്ന് നിയമസഭയ്ക്ക് ഉറപ്പുനൽകാം. ആവശ്യമെങ്കിൽ ഒരു നിയമസഭാ സമിതിയെക്കൊണ്ട് പരിശോധിപ്പിച്ച് ബോദ്ധ്യപ്പെടുത്താൻ പോലും ഗവൺമെന്റ് തയ്യാറാണെന്ന് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുന്നു.

<u>ശ്രീ. വർക്കല കഹാർ</u> : സർ, വനഭൂമികളെ സംബന്ധിച്ച കേസുകളിൽ, സർക്കാരിന്റെ നടപടികളെ കോടതി വിമർശിക്കുമ്പോൾ എന്തെല്ലാം ന്യൂനതകളാണ് സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളതെന്ന് ചൂണ്ടിക്കാണിക്കാനുണ്ടോ ; ഉണ്ടെങ്കിൽ അതിന്മേൽ സർക്കാർ അനന്തര നടപടികൾ സ്വീകരിക്കാറുണ്ടോ ?

<u>ശ്രീ. കെ. സുധാകരൻ</u> : സർ, കോടതിയിൽ വരുന്ന കേസുകളിൽ ഒരേ സ്വഭാവമുള്ള കേസുകളിൽത്തന്നെ പലപ്പോഴും പല അഭിപ്രായങ്ങൾ കോടതി നടത്താറുണ്ട്. ഭൂമി സംരക്ഷിക്കാൻ നടപടി എടുത്താൽ അതിനകത്തുള്ള ലൂപ്ഹോൾ കണ്ടെത്തി സ്വകാര്യവ്യക്തികൾക്ക് അനുകൂലമായ തീരുമാനം കോടതിയിൽനിന്ന് ഉണ്ടാകാറുണ്ട്. ഭൂമി സംരക്ഷിക്കാൻ നടപടി സ്വീകരിച്ചില്ലെങ്കിൽ ഗവൺമെന്റിനെ വിമർശിക്കുന്ന പ്രയോഗങ്ങൾ കോടതിയുടെ ഭാഗത്തുനിന്നും ഉണ്ടാകാറുണ്ട്. ഇപ്പോൾത്തന്നെ ഒന്നുരണ്ട് കേസുകൾക്കകത്ത് അത്തരം ഒരു സാഹചര്യം അഭിമുഖീകരിക്കുകയാണ്. ഏതായാലും കോടതി ചൂണ്ടിക്കാണിക്കുന്ന തെറ്റുകളും കുറ്റങ്ങളും തിരുത്തി പൂർണ്ണമായും സംരക്ഷിക്കുവാൻ പാകത്തിലുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ട് പോകാറുണ്ട്. അതിനാവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർ സർക്കാരിന് നൽകാറുണ്ട്.

<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u> : സർ, നിയമമാകുന്ന സന്ദർഭം ആകുമ്പോഴേക്കും ഭൂമി ചിലപ്പോൾ സംരക്ഷിക്കുവാൻ കഴിയുമായിരിക്കും. വനം സംരക്ഷിക്കുവാൻ കഴിയുമോ എന്നുള്ളതിന് ഉറപ്പ് നൽകാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ ? ഇപ്പോൾത്തന്നെ കണ്ണൂർ ജില്ലയുടെ വിവിധ മേഖലകളിൽ, അവിടെ മുമ്പ് വാച്ചർമാരായിട്ട് ആദിവാസികളായിരുന്നു ഉണ്ടായിരുന്നത്. ബഹുമാനപ്പെട്ട മന്ത്രിതന്നെ ഒരു പ്രാവശ്യം ഞാൻ ചോദിച്ചപ്പോൾ പറഞ്ഞത്, ഞങ്ങളുടെ കാലത്ത് ഞങ്ങളാണ് ആളെ നിശ്ചയിക്കുന്നത്; നിങ്ങളുടെ കാലത്ത് നിങ്ങളായിരുന്നു നിശ്ചയിച്ചിരുന്നത്. ഇപ്പോൾ സുധാകരന്റെ ആളാണ് എന്ന് പറഞ്ഞുകൊണ്ട് നിശ്ചയിച്ച വാച്ചർമാർതന്നെ വനം മുറിച്ചുമാറ്റുന്നതിന് നേതൃത്വം കൊടുത്തുവരുന്ന ഒരു കഷ്ടകാലമാണ് കണ്ണൂർ ജില്ലയിലുള്ളത്. അത് പരിഹരിക്കുന്നതിനുവേണ്ടി വല്ല നിലപാടും സ്വീകരിക്കുമോ ? ആദിവാസികൾക്ക് കൊടുത്ത മിച്ചഭൂമിയിലെ മരംപോലും മുറിച്ച് കടത്തിക്കൊണ്ട് പോകുന്ന അവസ്ഥയെക്കുറിച്ച് പത്രങ്ങളിൽ മുഴുവൻ വാർത്ത വന്നിട്ടുള്ളതാണ്. അത് ഗൗരവപൂർവ്വം കണക്കിലെടുത്ത് ഒരു നിലപാട് സ്വീകരിക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സുധാകരൻ : സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച ഈ ആരോപണം തികച്ചും അടിസ്ഥാന രഹിതമാണ്. അങ്ങനെ പറഞ്ഞില്ലെങ്കിൽ അദ്ദേഹം ഗോവിന്ദൻ മാസ്റ്റർ ആകില്ല എന്നതുകൊണ്ട് അദ്ദേഹം പറഞ്ഞതെന്ന് മാത്രമേ ഞാൻ കരുതുന്നുള്ളൂ. ഏതായാലും അങ്ങനെ ഒരു നടപടി ഈ സംസ്ഥാനത്തെ ഒരു ഫോറസ്റ്റ് വിഭാഗത്തിലും നടക്കുന്നില്ല എന്നത് ഒരു യാഥാർത്ഥ്യമാണ്. അത് ഈ നിയമസഭയെ ഞാൻ അറിയിക്കുകയാണ്.

ശ്രീ. ടി. യു. രാധാകൃഷ്ണൻ : സർ, സർക്കാർ ഏറ്റെടുത്ത വനഭൂമിയുമായി ബന്ധപ്പെട്ട് ഏതെല്ലാം കോടതികളിൽ എത്ര കേസുകൾ നിലവിലുണ്ട് ; ആ കേസുകളിൽ എത്രയെണ്ണത്തിന് വിധി പറഞ്ഞിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

ശ്രീ. കെ. സുധാകരൻ : സർ, ഈ ഓർഡിനൻസിലെ ഭൂമിയെ സംബന്ധിച്ചിടത്തോളം, മൊത്തം 39 കേസുകൾ കോടതിയിൽ ഫയൽ ചെയ്യപ്പെട്ടിട്ടുണ്ട്. അതിൽ 3 കേസുകളാണ് കോടതി പരിഗണിച്ചത്. അതിൽ ഒരു കേസിനകത്ത് ഗവൺമെന്റിനെതിരായ വിധി വരികമൂലം 40 ഏക്കർ ഭൂമി പരാതിക്കാരന് തിരിച്ച് കൊടുക്കാൻ കോടതിയിൽനിന്ന് ഉത്തരവുണ്ടായിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച ഒരു Revision Petition ഗവൺമെന്റ് ഫയൽ ചെയ്തിട്ടുണ്ട്.

ശ്രീ. എ. കെ. മണി : സർ, വനഭൂമി കൈയ്യേറ്റം ഉണ്ടായിട്ടുള്ളത് ഈ ഗവൺമെന്റിന്റെ കാലത്ത് മാത്രമല്ല, എല്ലാ ഗവൺമെന്റുകളുടെ കാലത്തും വനം കൈയ്യേറ്റം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. എന്റെ ചോദ്യം, വനം ഭേദഗതി ഓർഡിനൻസിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിൽ ഏറ്റെടുത്ത ഭൂമി മുഴുവനും വീണ്ടും കൈവശപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഇത് ആരുടെയും കുറ്റമല്ല. നമ്മൾ എല്ലാപേരുടെയും കുറ്റമാണ്. ഞാൻ അന്നുന്നയിച്ചത് ഇന്നും ഉന്നയിക്കുന്നു. വളരെ പ്രധാനപ്പെട്ട ഒരു ഇഷ്യൂ ആണ്. ഉടുമ്പൻചോല, ദേവികുളം, പീരുമേട് എന്നീ താലൂക്കുകളിലെ ഏലത്തോട്ടങ്ങളിലെ 100 കണക്കിന് ഏക്കർ ഭൂമി ഈ ഓർഡിനൻസിന്റെ അടിസ്ഥാനത്തിൽ ഏറ്റെടുക്കുകയും ചെയ്തു. ആ ഭൂമികൾ തോട്ടമുടമകൾ വീണ്ടും കൈവശപ്പെടുത്തുകയും സർക്കാരിന് അതാത് കാലഘട്ടങ്ങളിൽ അടയ്ക്കാനുള്ള ടാക്സ് അടക്കം അടയ്ക്കാതെ ഗവൺമെന്റിനെ കബളിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇത്തരത്തിലുള്ളവ കണ്ടുപിടിച്ച് അനധികൃതമായി വച്ചിട്ടുള്ള ഈ വനഭൂമി വീണ്ടെടുക്കാനുള്ള നടപടി ഈ ബില്ലിൽ ഉൾപ്പെടുത്താൻ തയ്യാറാകുമോ ?

മി. സ്പീക്കർ : അതും ഇതുമായി ബന്ധമില്ല. ഹെഡ്ഡിംഗ് മാത്രമാണ് വനം. വനം ഭേദഗതി ഓർഡിനൻസിലൂടെ ഏറ്റെടുത്ത വനഭൂമി എന്ന് ഹെഡ്ഡിംഗ് കൊടുത്തിട്ടുണ്ട്. ചോദ്യം അതല്ല.

ശ്രീ. കെ. സുധാകരൻ : സർ, വനം ഭേദഗതി ഓർഡിനൻസിലൂടെ ഗവൺമെന്റ് ഏറ്റെടുത്ത ഭൂമി നഷ്ടപ്പെടാതിരിക്കാനുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകും.

ശ്രീ. പി. ജയരാജൻ : സർ, ഈ നിർദ്ദിഷ്ട ബില്‍ പാസ്സാകുന്നതോടുകൂടി വനഭൂമി പൂർണ്ണമായിട്ടും സംരക്ഷിക്കാൻ കഴിയുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞിട്ടുള്ളത്. നമ്മുടെ സംസ്ഥാന വനം വകുപ്പ്, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം, ഇവിടെ ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ പറഞ്ഞതുപോലെ ആയിരത്തിലധികം വാച്ചർമാരെ നേരിട്ട് നിയമിച്ചിരിക്കുകയാണ്. ആ വാച്ചർമാരും.....

മി. സ്പീക്കർ : That question is not permitted. I am sorry Mr. Jayarajan, please resume your seat.

ശ്രീ. ഇ.എം. അഗസ്തി : സർ, പരിസ്ഥിതിപരമായി ദുർബലമാക്കപ്പെട്ട പ്രദേശങ്ങളെ വീണ്ടെടുക്കുന്നതിന് ഗവൺമെന്റിന് അധികാരം നൽകുന്ന ബില്ലിനെ സംബന്ധിച്ചാണ് ഈ ചോദ്യം. ഓർഡിനൻസ് പ്രകാരം എന്തുമാത്രം ഭൂമി ഗവൺമെന്റിൽ നിക്ഷിപ്തമാക്കപ്പെട്ടിട്ടുണ്ട് ; നിക്ഷിപ്തമാക്കപ്പെട്ട ഭൂമി എത്ര ആളുകളുടെ കൈവശത്തിലായിരുന്നു ; ആ നിക്ഷിപ്തമാക്കപ്പെട്ട ഭൂമിയിലെ ആളുകളെ ഒഴിവാക്കി ആ ഭൂമിയുടെ നിയന്ത്രണം ഏറ്റെടുക്കുന്നതിന് വനം വകുപ്പിന് കഴിഞ്ഞിട്ടുണ്ടോ എന്നീ കാര്യങ്ങൾ വ്യക്തമാക്കുമോ ?

ശ്രീ. കെ. സുധാകരൻ : സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ എല്ലാ ഭൂമിയും സർക്കാരിന്റെ കൈയിലായി എന്ന് സർക്കാർ അവകാശപ്പെടുന്നില്ല. 10 നോട്ടിഫിക്കേഷനുകളിലൂടെ 631 പ്ലോട്ടുകളിലായി ഉദ്ദേശം 11,037 ഹെക്ടർ ഭൂമിയാണ് ഈ ഓർഡിനൻസ് പ്രകാരം സർക്കാരിന്റെ കൈകളിലേക്ക് നിക്ഷിപ്തമായി വന്നിട്ടുള്ളത്. സർക്കാരിന്റെ കൈകളിലേക്ക് കടന്നു വരാത്ത ഭൂമി വ്യക്തികളുടെ കൈയിൽനിന്നും ഏറ്റെടുക്കാനുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നും തുടങ്ങിയിട്ടുണ്ട്. ആ പ്രവർത്തനം തുടർന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. എം. വി. ജയരാജൻ : സർ, അങ്ങ് ചോദ്യത്തിന് മറുപടിയായി ഇവിടെ പറഞ്ഞത്, കോടതി വിധിയെത്തുടർന്ന് 40 ഹെക്ടർ ഭൂമി ഇവിടെ കൊടുക്കേണ്ടി വന്നു എന്നാണ്. അത് സർക്കാരിനുവേണ്ടി വനം സംരക്ഷിക്കുവാൻ പര്യാപ്തമായ വിധത്തിൽ കോടതിയിൽ കാര്യങ്ങൾ അവതരിപ്പിക്കാത്തതുകൊണ്ടാണ് എന്നുള്ളത് ഇവിടെ വ്യക്തമാക്കപ്പെടുകയാണ്. ബഹുമാനപ്പെട്ട സ്പീക്കർ തന്നെ പറഞ്ഞു, സന്നദ് അടക്കം ക്യാൻസൽ ചെയ്യാൻ സാധിക്കുമെന്ന്. Misconduct ആണ്. ഇവിടത്തെ പ്രശ്നം, ഇനിയും 36 കേസുകൾ വനം ഓർഡിനൻസിനെ ചോദ്യം ചെയ്തുകൊണ്ട് കോടതിയിലിരിക്കുകയാണ്. ഈ 36 കേസുകളുടെ നടത്തിപ്പും നമ്മുടെ 3 കേസുകൾ പരാജയപ്പെടാനിടയായ അഭിഭാഷകരിൽ ചിലർ തന്നെയാണ് നടത്തുന്നത്. അങ്ങനെ വരുമ്പോൾ സന്നദ് അടക്കം ക്യാൻസൽ ചെയ്യാനുള്ള Provision ഉള്ളതുകൊണ്ട്, ഇവിടത്തെ പ്രശ്നം Applicant സർക്കാരാണ്. സർക്കാരിനാണ് ഇത് വേണ്ടത്. വേറെ ആരും ബാർ കൗൺസിലിന് മുമ്പാകെ കൊടുക്കില്ല. 36 കേസുകൾ കൂടി ഇതേ അഭിഭാഷകർ നടത്തുന്ന പശ്ചാത്തലത്തിൽ അവരുടെ സന്നദ് അടക്കം ക്യാൻസൽ ചെയ്യാനുള്ള വിധത്തിൽ ബാർ കൗൺസിലിന്റെ മുൻപാകെ സർക്കാർ പരാതി കൊടുക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സുധാകരൻ : സർ, ഈ ഓർഡിനൻസിനോടനുബന്ധമായി 39 കേസുകളിൽ കോടതിയിൽ ഹാജരായ ഗവൺമെന്റ് പ്ലീഡർമാർ ആരെങ്കിലും ബോധപൂർവ്വം അങ്ങനെ സർക്കാരിന് എതിരായി കോടതിയിൽ ഒരു പരാമർശമോ, അല്ലെങ്കിൽ അത്തരം ഒരു പ്രവൃത്തിയോ ചെയ്തതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഒരു നേരിയ പരാമർശത്തിൽ വന്നിരിക്കുന്ന ഒരു പിഴവാണ് വാസ്തവത്തിൽ ഈ കേസുകളിൽ വന്നിരിക്കുന്നത്. കോടതിയിൽ നടത്തിയ പരാമർശം വക്കീലിന്റെ ഉത്തമവിശ്വാസത്തിൽ നടത്തിയ പരാമർശമാണ്. ഈ ഓർഡിനൻസ് റദ്ദായ സാഹചര്യത്തിൽ 3(1) വകുപ്പുപ്രകാരം പുതിയ തീരുമാനം എടുത്തുകൊണ്ട് സർക്കാർ മുന്നോട്ട് പോകാൻ തയ്യാറല്ല എന്നാണ് വക്കീൽ കോടതിയിൽ അറിയിച്ചത്. അദ്ദേഹം പറഞ്ഞത് യാഥാർത്ഥ്യമാണ്. കോടതി ധരിച്ചത് 3(1) വകുപ്പു പ്രകാരം ഏറ്റെടുത്തിരിക്കുന്ന ഭൂമി സർക്കാരിന്റെ കൈയിൽ വച്ചിരിക്കാൻ സർക്കാരിന് താൽപ്പര്യമില്ല എന്ന ധാരണയിലൂടെയാണ് കോടതിയുടെ ഉത്തരവുണ്ടായത്. അതിനെ സംബന്ധിച്ച റിവിഷൻ കോടതിയുടെ മുൻപിൽ നിൽക്കുകയാണ്. വക്കീലിന്റെ ഭാഗത്ത് പ്രകടമായ തെറ്റുകൾ സംഭവിച്ചു എന്ന് ഗവൺമെന്റിനു തോന്നാത്തതുകൊണ്ടുതന്നെ അങ്ങുദ്ദേശിച്ച നടപടിക്രമങ്ങളുടെ ആവശ്യമില്ല.

ശ്രീമതി മാലേത്ത് സരളാദേവി : സർ, വനം ഭേദഗതി ഓർഡിനൻസ് 1999-ൽ വന്നതിനുശേഷം വനഭൂമി കയ്യേറ്റം ചെയ്തിട്ടുണ്ട്. ആ ഭൂമി എത്രയുണ്ടെന്ന് ഗവൺമെന്റ് മനസ്സിലാക്കിയിട്ട് എന്തെങ്കിലും വ്യത്യസ്തമായ നിയമം ഇതിനകത്ത് കൂട്ടിച്ചേർക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. കെ. സുധാകരൻ : കയ്യേറ്റം തടയാനുള്ള നിയമനിർമ്മാണ നടപടികൾ ആവശ്യമായ ഘട്ടത്തിൽ ഗവൺമെന്റ് കൈക്കൊള്ളും.

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, കേരളത്തിൽ ഏറ്റവും വിവാദമായിട്ടുള്ളതാണ് മതികെട്ടാൻ വനഭൂമി. അത് റവന്യൂ വകുപ്പിന്റേതാണെന്നും വനം വകുപ്പിന്റേതാണെന്നും വിവാദം നടന്നതാണ്. ഇത് വനംവകുപ്പിനെത്തന്നെ ഏൽപ്പിച്ചു എന്ന് അങ്ങ് പറയുകയുണ്ടായി. ഈ മേഖലയിലെ ഒരിഞ്ച് ഭൂമിപോലും കയ്യേറ്റത്തിന് കൊടുക്കില്ലെന്ന് പറഞ്ഞു. എന്നാൽ സമീപ ദിവസങ്ങളിൽ വന്ന പത്രവാർത്തകൾ, 2000 ഏക്കർ ഭൂമി, K V R Estate, Kailasappara, Jose, Murikkan തുടങ്ങി 100 ഏക്കർ വീതം, കടുത്തുരുത്തി പാലത്തിങ്കൽ തോമസ് 80 ഏക്കർ, കുട്ടി 60 ഏക്കർ തുടങ്ങി ഏതാണ്ട് 2000 ഏക്കർ ഭൂമി മതികെട്ടാനിൽ ഇപ്പോഴും സ്വകാര്യ വ്യക്തികളുടെ കയ്യിലുണ്ടെന്ന് വളരെ വ്യക്തമായി പത്രങ്ങളിൽ വാർത്തകൾ വന്നിട്ടുണ്ട്. ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. സുധാകരൻ : സർ, വനം വകുപ്പിന് കൈമാറിയിരിക്കുന്ന മതികെട്ടാൻ മലയിൽ കയ്യേറ്റം നടന്നിട്ടില്ല എന്ന് ഉത്തരവാദിത്വബോധത്തോടെയാണ് ഞാൻ നിയമസഭയെ അറിയിക്കുന്നത്. ബഹുമാനപ്പെട്ട നിയമസഭയെ തെറ്റിദ്ധരിപ്പിക്കുന്നതിന് ഒരു പ്രസ്താവന നടത്തുമെന്ന് ധരിക്കുന്നത് തെറ്റാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെ ഈ ഭൂമിയിലേക്കയച്ച് പരിശോധിപ്പിച്ച് ഉത്തമ ബോദ്ധ്യത്തിന്റെ അടിസ്ഥാനത്തിലാണ് വനം വകുപ്പ് ഏറ്റെടുത്തിരിക്കുന്ന ഭൂമിയിൽ കയ്യേറ്റം നടന്നിട്ടില്ലെന്ന് ഈ നിയമസഭയെ അറിയിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ഡി. സതീശൻ : സർ, കാലാകാലങ്ങളായി വനം വകുപ്പു ഉദ്യോഗസ്ഥരും, സർക്കാരും, അഭിഭാഷകരുമൊക്കെ ചേർന്ന് നമ്മുടെ ഒരുപാട് കേസുകൾ തോൽപ്പിച്ചിട്ടുണ്ട്. കേസുകൾ തോൽക്കാനുള്ള കാരണം അതു മാത്രമല്ല, നിയമനിർമ്മാണം നടത്തുമ്പോഴും ഓർഡിനൻസ് ഇറക്കുമ്പോഴുമുള്ള അപാകതകൾ കൂടി ഈ കേസുകൾ തോൽക്കാൻ ഇടയായിട്ടുണ്ട്. ഈ ഓർഡിനൻസ് പ്രകാരം സ്കൂൾ ഗ്രൗണ്ട് അടക്കമുള്ള ഭൂമി പലതും വെസ്റ്റ് ചെയ്തിട്ടുണ്ട്. കർഷകന്റെ കൃഷിയിടങ്ങൾക്ക് സംരക്ഷണം കൊടുക്കാനും നിബിഡവനങ്ങളെ സംരക്ഷിക്കുവാനും ഉതകുന്ന രീതിയിൽ Ecologically Fragile Land എന്ന വാക്കിനും ഫോറസ്റ്റ് എന്ന വാക്കിനും കൃത്യമായ ഒരു definition പല സ്ഥലത്തും കൊടുത്തിട്ടില്ല. നിയമനിർമ്മാണം നടത്തുമ്പോൾ വാക്കുകൾക്കുള്ള definition clause വളരെ വ്യക്തമായി ശ്രദ്ധിച്ച് നിയമത്തിന്റെ അപാകതകൾകൊണ്ട് നമ്മുടെ കേസുകൾ തോൽക്കാനുള്ള സാഹചര്യം ഒഴിവാക്കാൻ ഗവൺമെന്റ് ശ്രദ്ധിക്കുമോ ?

ശ്രീ. കെ. സുധാകരൻ : സർ, വനം ഭേദഗതി ഓർഡിനൻസിൽ ഏറെ അപാകതകൾ വന്നതുകൊണ്ടാണ് ഇത് സെലക്ട് കമ്മിറ്റിക്ക് വിടാനിടയായത്. സെലക്ട് കമ്മിറ്റി ഒട്ടേറെ സ്ഥലങ്ങൾ സന്ദർശിച്ചു. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച രീതിയിൽ ഒരുപാട് അപാകതകൾ ഇതിനകത്ത് വന്നിട്ടുണ്ട്. അത് തിരുത്തിക്കൊണ്ട് സമ്പൂർണ്ണമായ ഒരു നിയമനിർമ്മാണമാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇത്തരം അപാകതകൾ വരാതെ നമുക്ക് ഒരു നിയമനിർമ്മാണം നടത്താൻ കഴിയുമെന്ന് ഞാൻ ഈ നിയമസഭക്ക് ഉറപ്പ് നൽകുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ആകെ എത്ര ഏക്കർ ഭൂമി സ്വകാര്യ വ്യക്തികൾക്കും അതുപോലെ സ്ഥാപനങ്ങൾക്കും ലീസിന് നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാൻ കഴിയുമോ ? ലീസിന്റെ കാലാവധി കഴിഞ്ഞതിനുശേഷം നമുക്ക് എത്ര ഏക്കർ ഭൂമി ഏറ്റെടുക്കാൻ കഴിഞ്ഞിട്ടുണ്ട് ? കഴിയാത്തതെന്തുകൊണ്ടാണ് ? നമ്മുടെ കേസുകൾ നിരന്തരം പരാജയപ്പെട്ടുകൊണ്ടിരിക്കുന്നു. ഇവ സംബന്ധിച്ച വിശദമായ ഒരു റിപ്പോർട്ട് ഈ സഭാസമ്മേളനം കഴിയുന്നതിനുമുമ്പായി ഈ സഭയ്ക്കകത്ത് വയ്ക്കാൻ അങ്ങ് തയ്യാറാകുമോ ?

ശ്രീ. കെ. സുധാകരൻ : ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് നിയമസഭയിൽ സമർപ്പിക്കാൻ തയ്യാറാണ്. ഈ നിയമസഭാ സമ്മേളനം കഴിയുന്നതിന് മുമ്പുതന്നെ അവതരിപ്പിക്കും.

ശ്രീ. കളത്തിൽ അബ്ദുള്ള : സർ, പരിസ്ഥിതിയും ദുർബല ഭൂപ്രദേശങ്ങളുടെ സംരക്ഷണവുമാണ് വനം ഭേദഗതി ഓർഡിനൻസ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. അതാണ് സെലക്ട് കമ്മിറ്റിയുടെ മുമ്പിലുള്ള ബില്ല്. ഹൈക്കോടതിയുടെ തിണ്ണയിലും സുപ്രീം കോടതിയുടെ തിണ്ണയിലും 30 വർഷക്കാലം കേസ് നടത്തിയ, മുൻ മദ്രാസ് നിയമസഭയിലെ എം.എൽ.എ. കോട്ടാർ ഉപ്പി സാഹിബിന്റെ 200 ഏക്കർ ഭൂമിയിൽ 15 ഏക്കർ ഭൂമിയാണ് ആ കുടുംബത്തിന് വിട്ടുകൊടുത്തത്. ഇത് ഉപ്പി സാഹിബിന്റെ കുടുംബത്തിന്റെ മാത്രം സ്ഥിതിയല്ല. പാലക്കാട് ജില്ലയിലെ 2500 ഹെക്ടറിൽ 1500 ഹെക്ടറും ഇവിടെ അപ്പുറത്തിരിക്കുന്ന എം.എൽ.എ. മാരുടെ മണ്ഡലത്തിലാണ്.

4 സെന്റ് മുതൽ ഒരു ഹെക്ടറിനു താഴെ വരെയുള്ള 100 കണക്കിന് കുടുംബങ്ങളുണ്ട്. അതുകൊണ്ട് പാവപ്പെട്ടവരുടെ കാര്യം യുദ്ധകാലാടിസ്ഥാനത്തിൽ തീർത്തില്ലെങ്കിൽ ശക്തമായ കണ്ണീരിൽ ഈ ബില്ല് കൊണ്ടുവന്നവർ മുങ്ങും. അതുകൊണ്ട് ഇക്കാര്യം പരിഹരിക്കാൻ ബഹുമാനപ്പെട്ട മന്ത്രി ശ്രമിക്കുമ്മോ ?

ശ്രീ. കെ. സുധാകരൻ : സർ, പാവപ്പെട്ടവരുടേയും അർഹതപ്പെട്ടവരുടേയും പ്രശ്നങ്ങൾ പരിഹരിക്കാൻ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. അതിനുള്ള വകുപ്പുകൾ ഉൾപ്പെടുത്തിക്കൊണ്ടായിരിക്കും ഈ നിയമം പാസ്സാക്കുന്നത്.

ശ്രീ. ടി. കെ. ദേവകുമാർ : സർ, ഈ കേസ് നടത്തിപ്പുമായി ബന്ധപ്പെട്ട് പരസ്പരവിരുദ്ധമായ മൂന്നാമത്തെ പ്രസ്താവനയാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ നടത്തുന്നത്. 2001 ഒക്ടോബർ 17-ാം തീയതി തന്ന മറുപടി.....

മി. സ്പീക്കർ : You can ask a question.

ശ്രീ. ടി. കെ. ദേവകുമാർ : നിലവിലിരിക്കുന്ന കേസുകളിൽ ഹൈക്കോടതി.....

മി.സ്പീക്കർ : മന്ത്രി പരസ്പരവിരുദ്ധമായി പറഞ്ഞുവെങ്കിലും തെറ്റായിട്ട് സഭയെ ധരിപ്പിച്ചുവെങ്കിലും അതിനെല്ലാം ദേവകുമാറിന് വേറെ പരിഹാരം കാണാനുള്ള നടപടികളുണ്ട്. ഇപ്പോൾ ഒരു ചോദ്യം ചോദിച്ചാൽ മതി.

ശ്രീ. ടി. കെ. ദേവകുമാർ : സർ, ഉത്തരവാദികളായ സർക്കാർ പ്ലീഡർമാരുടെ മേൽ നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിച്ച് വരികയാണ് എന്നാണ്, 2001 ഒക്ടോബർ 17-ാം തീയതിയിലെ ചോദ്യത്തിനുള്ള ഉത്തരം. 18.06.2003-ലെ ഉത്തരത്തിൽ പറഞ്ഞിരിക്കുന്നത്, കേസുകളിൽ സർക്കാർ വിധി ഉണ്ടാകാത്തിടത്തോളം പ്ലീഡർമാർക്കെതിരെ നടപടി കൈകൊള്ളില്ല എന്നാണ്. ഇപ്പോൾ പറഞ്ഞിരിക്കുന്നത് എന്താണെന്ന് ചോദിച്ചാൽ, ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലായെന്നാണ്. യഥാർത്ഥത്തിൽ ബഹുമാനപ്പെട്ട സ്പീക്കർ ഇവിടെ സൂചിപ്പിച്ചതുപോലെ സാധുത ഉൾപ്പെടെ നഷ്ടമാകുന്ന വിശ്വാസ വഞ്ചന നടത്തിയിരിക്കുന്ന പ്ലീഡർമാരെ ആരാണ് സംരക്ഷിക്കുന്നത് ? ഈ ചോദ്യങ്ങളുടെ മറുപടിയിൽ ഒരു ദുസൂചന വരുന്നു. ആ ദുസൂചന ഒഴിവാക്കാൻ ഈ കേസുകൾ നടത്തി, ഇപ്പോൾ ഇതിനകത്ത് വെങ്കിടറെഡ്ഡി ആന്ധ്രാപ്രദേശ് സർക്കാരിനെതിരായിട്ടുള്ള കേസിൽ സുപ്രീം കോടതി വിധിയുണ്ട്. ആ ദുസൂചന ഒഴിവാക്കാൻ സർക്കാർ തയ്യാറാകുമ്മോ ?

ശ്രീ. കെ. സുധാകരൻ : സർ, ദേവകുമാർ തെറ്റിദ്ധരിച്ചതാണ്. നേരത്തെ പറഞ്ഞിരിക്കുന്ന ഉത്തരങ്ങൾ പൊതുവായ കേസിനെ സംബന്ധിച്ചാണ്. സർക്കാർ നടത്തുന്ന പൊതുവായ കേസിനെ സംബന്ധിച്ചാണ് അന്ന് പരാമർശിച്ചത്. നല്ല ഓർമ്മയോടുകൂടിയാണ് പറയുന്നത്. ഇപ്പോൾ ഞാൻ പരാമർശിച്ചത് വനം ഭേദഗതി ഓർഡിനൻസിനെ സംബന്ധിച്ച് ഹൈക്കോടതിയിൽ വന്നിരിക്കുന്ന മൂന്ന് കേസിനെ സംബന്ധിച്ച് ഉന്നയിച്ച ചോദ്യത്തിനാണ്. ഇത് രണ്ടും രണ്ടാണെന്ന് ബഹുമാനപ്പെട്ട അംഗത്തെ ഞാൻ അറിയിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker : Question No.357..(ബഹളം).....No comments.....as if you are not getting a chance to ask question. Every day I am giving you a chance, even then why do you make such unnecessary comments ?

ഇൻസ്പെക്ഷൻ വിംഗിന്റെ ഘടനയും പ്രവർത്തനവും

2 (*357) ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ധനകാര്യ വകുപ്പിന്റെ ഇൻസ്പെക്ഷൻ വിംഗിന്റെ ഘടനയും പ്രവർത്തനവും വ്യക്തമാക്കുമോ ;

(ബി) ധനവിനിയോഗത്തെ സംബന്ധിച്ച് എല്ലാ വകുപ്പുകളിലും ഈ ഇൻസ്പെക്ഷൻ വിംഗ് പരിശോധന നടത്താറുണ്ടോ ;

(സി) പ്രസ്തുത ഇൻസ്പെക്ഷൻ വിംഗിന്റെ പ്രവർത്തനം സംസ്ഥാനത്താകെ ശക്തമാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) പ്രസ്തുത ഇൻസ്പെക്ഷൻ വിംഗിന്റെ പ്രവർത്തനം സമയബന്ധിതമായി റിവ്യൂ നടത്താനുള്ള സംവിധാനം ഏർപ്പെടുത്തുമോ ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : സർ,

(എ) ധനകാര്യ ഇൻസ്പെക്ഷൻ (നോൺ ടെക്നിക്കൽ) വിംഗ്, ഇൻസ്പെക്ഷൻ ടെക്നിക്കൽ വിംഗ്, എല്ലാ ജില്ലകളിലും ജില്ലാ ധനകാര്യ ഇൻസ്പെക്ഷൻ സ്ക്വാഡുകൾ എന്നിവ ചേർന്നതാണ് ധനകാര്യവകുപ്പിന്റെ ഇൻസ്പെക്ഷൻ വിംഗ്. ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ എക്സ്പെന്റിച്ചർ സെക്രട്ടറി എന്നിവരുടെ മേൽനോട്ടത്തിൽ ഒരു ജോയിന്റ് സെക്രട്ടറി, ഒരു ഡെപ്യൂട്ടി സെക്രട്ടറി, ഒരു അണ്ടർ സെക്രട്ടറി എന്നിവരുൾപ്പെടെ ഏഴ് സെക്ഷനുകളാണ് ഇൻസ്പെക്ഷൻ (നോൺ ടെക്നിക്കൽ) വിംഗിൽ പ്രവർത്തിക്കുന്നത്. ഇൻസ്പെക്ഷൻ ടെക്നിക്കൽ വിംഗിൽ ചീഫ് ടെക്നിക്കൽ എക്സാമിനർ സിവിൽ വിഭാഗത്തിൽ മൂന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, മൂന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, മൂന്ന് അസിസ്റ്റന്റ് എഞ്ചിനീയർമാർ, ഇലക്ട്രിക്കൽ വിഭാഗത്തിൽ ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, മെക്കാനിക്കൽ വിഭാഗത്തിൽ ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ടെക്നിക്കൽ അസിസ്റ്റന്റ് ഉൾപ്പെടെ 14 പേരടങ്ങിയതാണ് ടെക്നിക്കൽ വിംഗ്. ഒരു സെക്ഷൻ ഓഫീസറുടെ നേതൃത്വത്തിലാണ് ഓരോ ജില്ലയിലും സ്ക്വാഡുകൾ പ്രവർത്തിക്കുന്നത്. ഒരു ജോയിന്റ് സെക്രട്ടറിയുടെ മേൽനോട്ടത്തിലാണ് ജില്ലാ സ്ക്വാഡുകളുടെ പ്രവർത്തനം. സംസ്ഥാനത്തെ സർക്കാർ ഓഫീസുകൾ, സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സ്വയംഭരണ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ

LIBRARY ARCHIVES Kerala Legislative Assembly